"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ജാലിസ ബീവി.എ., കൺസൾട്ടന്റ് - സർവ്വീസിൽ നിന്നും വിട്ടു നിന്ന കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമപ്പെടുത്തിയ ഉത്തരവിന്മേലുള്ള പുനഃപരിശോധനാ ഹർജി - നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1713/2024/H&FWD തീയതി,തിരുവനന്തപുരം, 18-07-2024

---

പരാമർശം:-
1. സ.ഉ. (സാധാ) നം.1520/2023/ആകുവ തീയതി 26.06.2023.
2. ഡോ.ജാലിസാ ബീവി സമർപ്പിച്ച 11.08.2023 തീയതിയായ പുനഃപരിശോധനാ ഹർജി.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 13.03.2024-ലെ ഇ.എ.1-6768/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

ഡോ.ജാലിസാ ബീവി.എ. കൊല്ലം ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയിൽ ജോലി നോക്കി വരവേ 81 ദിവസത്തെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും, പ്രസ്തുത കാലയളവിൽ 16.02.2019-ലെ സ.ഉ (സാധാ) നം.391/2019/ആകുവ നമ്പർ ഉത്തരവ് പ്രകാരം കൊല്ലം ജില്ലാ ആശുപത്രിയിൽ ടിയാൾ ജോലി നോക്കിയിരുന്ന ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റ് തസ്തികയും തൊടുപുഴ ജില്ലാ ആശുപത്രിയിലെ ജനറൽ മെഡിസിൻ വിഭാഗം സീനിയർ കൺസൾട്ടന്റ് തസ്തികയും പരസ്പരം സ്ഥാനമാറ്റം നടത്തി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 01.03.2019-ന് അവധികാലയളവ് പൂർത്തിയായതിന് ശേഷം ജോലിയിൽ തിരികെ പ്രവേശിക്കുകയും, എന്നാൽ കൊല്ലം ജില്ലാ ആശുപത്രിയിൽ ടിയാൾ ജോലി നോക്കിയിരുന്ന കൺസൾട്ടന്റ് തസ്തിക സ്ഥാനമാറ്റം ചെയ്തതിനാൽ മെഡിക്കൽ ഓഫീസർക്ക് ജോലിയിൽ തിരികെ പ്രവേശിക്കുവാൻ കഴിഞ്ഞിരുന്നില്ല. 29.04.2019-ലെ സ.ഉ (സാധാ) നം.998/2019/ആകുവ നമ്പർ ഉത്തരവ് പ്രകാരം ടിയാളെ തൊടുപുഴ ജില്ലാ ആശുപത്രിയിലെ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ഒഴിവിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പരാമർശം (1) ഉത്തരവ് പുനഃപരിശോധിക്കാനായി ഡോ.ജാലിസ ബീവി സമർപ്പിച്ച പരാമർശം (2) പുനഃപരിശോധനാ ഹർജിയിൽ ടി ഉത്തരവ് ടിയാൾക്ക്

ലഭിച്ചിരുന്നില്ല എന്നും, കൂടാതെ, സൂപ്പർ സ്പെഷ്യാലിറ്റി ന്യൂറോളജി വിഭാഗം കൺസൾട്ടന്റായി ടിയാളെ നിയമിക്കുന്നത് സംബന്ധിച്ച് കോടതി ഉത്തരവ് നിലവിലുണ്ടായിരുന്നതിനാൽ ജനറൽ മെഡിസിൻ വിഭാഗം കൺസൾട്ടന്റിന് പകരം സൂപ്പർസ്പെഷ്യാലിറ്റി നിയമനത്തിനായി കാത്തു നിൽക്കാൻ സർക്കാരിൽ നിന്നും അറിയിച്ചിരുന്നുവെന്നും അപ്രകാരം 01.08.2019-ലെ സ.ഉ (സാധാ) നം.1890/2019/ആകുവ ഉത്തരവ് പ്രകാരം സൂപ്പർസ്പെഷ്യാലിറ്റിയിലേയ്ക്ക് വിടുതൽ ചെയ്യുന്നതിനായി ടിയാൾ തൊടുപുഴ ജില്ലാ ആശുപത്രിയിൽ പ്രവേശിക്കുകയുണ്ടായി (07.08.2019) എന്നും അപേക്ഷയിൽ പറഞ്ഞിരുന്നു. തൊടുപുഴ ജില്ലാ ആശുപത്രിയിൽ നിയമിച്ച 29.04.2019-ലെ സ.ഉ(സാധാ)നം.998/2019/ആകുവ നമ്പർ ഉത്തരവ് മെഡിക്കൽ ഓഫീസർക്ക് ലഭിച്ചിരുന്നില്ല എന്നും ആയത് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റിൽ ഉണ്ടായിരുന്നില്ല എന്നും, ഇത് വിവരാവകാശ പ്രകാരം ടിയാൾക്ക് നൽകിയ മറുപടിയിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശിച്ചിട്ടുണ്ടെന്നും മെഡിക്കൽ ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. 01.03.2019 മുതൽ 06.08.2019 വരെ ജോലിയിൽ ഇല്ലാതിരുന്നതിനാൽ മെഡിക്കൽ ഓഫീസർക്ക് ശമ്പളം ലഭിച്ചിട്ടില്ല എന്നും, ആയതിനാൽ പ്രസ്തുത കാലയളവ് ക്രമപ്പെടുത്തി ശമ്പളം ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കണം എന്നും ആവശ്യപ്പെട്ടിരുന്നു.

2) ഡോ.ജാലിസാ ബീവി സർവ്വീസിൽ നിന്നും വിട്ടു നിന്ന 01.03.2019 മുതൽ 06.08.2019 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിഷയം വിശദമായി പരിശോധിച്ചതിനു ശേഷമാണ് ഡോ.ജാലിസാ ബീവി സർവ്വീസിൽ നിന്നും വിട്ടു നിന്ന കാലയളവ് അവധിയായി ക്രമപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്.

3) ഡോ.ജാലിസാ ബീവിയെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ നിയമിച്ച് പുറപ്പെടുവിച്ച സ.ഉ(സാധാ)നം.998/2019/ആകുവ തീയതി 29.04.2019 ഉത്തരവ് 02.05.2019-ന് ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നുവെന്നും, എന്നാൽ മെഡിക്കൽ ഓഫീസർ ടി സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിച്ചിരുന്നില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പുനഃപരിശോധനാ ഹർജിയിന്മേൽ പരാമർശം (3) കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു. സൂപ്പർ സ്പെഷ്യാലിറ്റി കേഡറിൽ ഡോ.ജാലിസാ ബീവിക്ക് നിയമനം നൽകി പാലക്കാട് ജില്ലാ ആശുപത്രിയിൽ നിയമിച്ച 01.08.2019-ലെ സ.ഉ (സാധാ) നം.1890/2019/ആകുവ ഉത്തരവ് പ്രകാരം ടിയാൾ തൊടുപുഴ ജില്ലാ ആശുപത്രിയിൽ ജോലിയിൽ

പ്രവേശിക്കുകയും, അന്നേ ദിവസം അപരാഹ്നത്തിൽ തന്നെ വിടുതൽ ചെയ്യുകയും 09.08.2019 പൂർവ്വാഹ്നത്തിൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. ഭരണപരമായ കാരണങ്ങളാൽ നിയമനം നൽകുന്നതിന് വേണ്ടിവന്ന കാലയളവായ 01.03.2019 മുതൽ 02.05.2019 വരെയുള്ള കാലയളവ് ഡ്യൂട്ടിയായും നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന 03.05.2019 മുതൽ 06.08.2019 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായും ക്രമീകരിക്കാവുന്നതാണെന്നും പുനഃപരിശോധനാ ഹർജിയിന്മേലുള്ള റിപ്പോർട്ടിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ വ്യക്തമാക്കിയിരുന്നു. കൂടാതെ, ജോലിയിൽ പുനഃപ്രവേശിക്കുന്നതിനായി കാത്തു നിന്ന കാലയളവ് അർഹതപ്പെട്ട അവധിയായി ക്രമപ്പെടുത്തിയ പരാമർശം (1) ഉത്തരവ് കൈപ്പറ്റിയിട്ടും, മെഡിക്കൽ ഓഫീസർ പ്രസ്തുത കാലയളവ് ക്രമീകരിക്കുന്നതിനായി അവധി അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു..

4)ഡോ.ജാലിസാ ബീവി സമർപ്പിച്ച പരാമർശം (2) പുനഃപരിശോധനാ ഹർജിയോടൊപ്പം ചേർത്തിരിക്കുന്ന വിവരാവകാശ നിയമ പ്രകാരം ടിയാൾക്ക് ലഭ്യമായിട്ടുള്ള മറുപടിയിൽ എല്ലാംതന്നെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ ടിയാളെ നിയമിച്ചുകൊണ്ടുള്ള സ.ഉ (സാധാ) നം.998/2019/ആകുവ തീയതി 29.04.2019 ഉത്തരവ് ആരോഗ്യ വകുപ്പ് ഡയറക്ടർ വെബ്ബ് സൈറ്റിൽ പബ്ലിഷ് ചെയ്തിട്ടില്ല എന്ന് മറുപടി നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഫയലിൽ ഉത്തരവിന്റെ പകർപ്പ് ചേർത്തിട്ടുള്ളതായി കാണുന്നില്ല എന്ന് മറുപടി നൽകിയിട്ടുള്ളതായി സൂചിപ്പിച്ചിരുന്നു. ഡോ.ജാലിസ ബീവിക്ക് നിലവിൽ ശമ്പളം ലഭിക്കുന്നില്ല എന്നും ഹർജിയിൽ ചേർത്തിരുന്നു.

5) സർക്കാർ വിഷയം വിശദമായി പരിശോധിച്ചു. കെ.എസ്.ആർ ഭാഗം I ലെ ചട്ടം 137 ന് ചുവടെയുള്ള സർക്കാർ തീരുമാനം പ്രകാരം പ്രവേശന കാലം കഴിഞ്ഞും ജോലിയിൽ പ്രവേശിക്കാതിരിക്കുന്ന കാലയളവ് അർഹതപ്പെട്ട അവധി ആയി മാത്രമേ ക്രമീകരിക്കാനാവൂ. ഡോ.ജാലിസാ ബീവി നിയമനത്തിനായി കാത്തിരുന്ന കാലയളവിൽ ടിയാൾക്ക് തൊടുപുഴ ജില്ലാ ആശുപത്രിയിൽ നിയമനം നല്കി 29.04.2019-ലെ ഉത്തരവ് പുറപ്പെടുവിച്ചിരുന്നിട്ടും, ടി ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടും ടിയാൾ ചാർജെടുത്തിരുന്നില്ല. 01.03.2019 മുതൽ 02.05.2019 വരെയുള്ള കാലയളവ് ഡ്യൂട്ടിയായി ക്രമീകരിക്കുന്നതിന് ടി കാലയളവ് കഴിഞ്ഞയുടൻ ജോലിയിൽ തിരികെ ജോലിയിൽ പ്രവേശിക്കണമായിരുന്നു. ടിയാൾ അനുവദനീയമായ പ്രവേശന കാലം മറികടന്നതിനാൽ ഡോ.ജാലിസാ ബീവി

നിയമനത്തിനായി കാത്തിരുന്ന 01.03.2019 മുതൽ 09.08.2019 വരെയുള്ള കാലയളവ് അർഹതപ്പെട്ട അവധിയായി മാത്രമേ ക്രമീകരിക്കാനാവുകയുള്ളൂ. നിയമന ഉത്തരവ് പുറപ്പെടുവിച്ച ശേഷവും ഡോജാലിസാ ബീവി യഥാസമയം ജോലിയിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ , 01.03.2019 മുതൽ 02.05.2019 വരെ ഭരണപരമായ കാരണങ്ങളാൽ നിയമനം നൽകുന്നതിന് വേണ്ടി വന്ന കാലയളവും, നിയമന ഉത്തരവ് പുറപ്പെടുവിച്ചിട്ടും ജോലിയിൽ പ്രവേശിക്കാതിരുന്ന 03.05.2019 മുതൽ 06.08.2019 വരെയുള്ള കാലയളവും അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചതിനെതിരായി ഡോ.ജാലിസാ ബീവി സമർപ്പിച്ച പരാമർശം (1) പുനഃപരിശോധനാ ഹർജി നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡോ.ജാലിസാ ബീവി, കൺസൾട്ടന്റ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
Date: 19-07-2024 12:56:07
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.എ1-6768/2023/ആ.വ.ഡ, തീയതി 19.07.2024

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും മേൽനടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

(ഒപ്പ്)
ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി